From.

വിവേക് കുമാർ
M.Phil വിദ്യാർത്ഥി
സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.

സർ,

ഞാൻ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് വിഭാഗം വിദ്യാർത്ഥിയാണ്. യൂണിവേഴ്സിറ്റി ഹോസ്റ്റൽ ഗോദാ പമ്പയിലെ എന്റെ മുറിയിലേക്ക് ചൊവ്വാഴ്ച (10.01.2017) രാത്രി 11-ഓടെ SFI യുടെ യൂണിറ്റ് സെക്രട്ടറിയും മറ്റ് മൂന്നുപേരും ( അരുൺ (SGTDS) ജലാൽ (STS), സച്ചു സദാനന്ദൻ (BLIC), ഹേമന്ത് (SIRP)] മാരകായുധങ്ങളുമായി അതിക്രമിച്ച് കടന്നു വരികയും SFI ക്കെതിരെ പ്രവർത്തിക്കുകയാണെന്ന് ആരോപിച്ചുകൊണ്ട് എന്നെ അതിക്രൂരമായി മർദ്ദിക്കുകയും റൂമിലെ സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തു. മര്യാദക്ക് ജീവിച്ചില്ലെങ്കിൽ ക്യാമ്പസിൽ നിന്നും ഹോസ്റ്റലിൽ നിന്നും പുറത്താക്കുമെന്നും ജീവിക്കാൻ അനുവദിക്കില്ലെന്നും കഴുത്തിന് കുത്തിപ്പിടിച്ച് ഭീഷണിപ്പെടുത്തി. കമ്പി വടി ഉപയോഗിച്ച് തലക്ക് അടിക്കുന്നതിൽ നിന്നും ഞാൻ ഒഴിഞ്ഞുമാറിയതിനാൽ വലിയ പരിക്കുകൾ ഉണ്ടാകാതെ രക്ഷപ്പെടുകയാണുണ്ടായത്. അര മണിക്കൂറോളം റൂമിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് എന്നെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും ജാതീയത കലർന്ന അശ്ലീല വാക്കുകൾ വിളിച്ച് അപമാനിക്കുകയും ചെയ്തു. തുടർന്ന് പരാതിപ്പെട്ടാൽ കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തി. അബോധാവസ്ഥയിലായ എന്നെ സുഹൃത്തുക്കൾ ചേർന്ന് മെഡിക്കൽ കോളേജിൽ എത്തിക്കുകയാണുണ്ടായത്.

ദളിത് വിദ്യാർത്ഥിയായ എനിക്ക് യൂണിവേഴ്സിറ്റിയിൽ എന്റെ ഗവേഷണം പൂർത്തിയാക്കാൻ യാതൊരു തടസ്സങ്ങളും ഉണ്ടാവാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും എന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,
വിവേക് കുമാരൻ

11.01.2017
മെഡിക്കൽ കോളേജ്.

A Dalit MPhil scholar has been brutally assaulted by SFI activists at Mahathma Gandhi University, Kottayam Campus. Vivek Kumaran from Kalady, who is a research student at School of Gandhian Thoughts was violently attacked and is now admitted at the surgical section of Kottayam Medical College, said Gandhi Nagar SI M.G Arun. The incident happened at Pallana hostel inside the university premises at 11.45 PM yesterday according to the statement given by Vivek to the police.
Vivek was attacked for being active in Ambedkar Students Movement (ASA, MGU) recently formed by a group of students in the campus, which provoked SFI. "A four member group lead by SFI campus unit secretary forcefully entered into the room last night.They had some deadly weapons with them including Iron rod. The group shouted that **Will you dare to stand up against SFI**, cruelly beat him with Iron rod and also vandalized his room" says the statement.
They also abused Vivek with casteist statements and threatened to kill if he dared to complaint against them according to the statement. Vivek , who became unconscious by their brutal physical and mental torture was admitted in the hospital with the help of some students residing next to his room.

News report in today's Malayala Manorama:



# എംജി ഹോസ്റ്റലിൽ ഗവേഷക വിദ്യാർഥിക്കു മർദനം

കോട്ടയം● എംജി സർവകലാശാലയിലെ ഹോസ്റ്റൽ മുറിയിൽ ഗവേഷക വിദ്യാർഥിക്ക് എസ്എഫ്ഐ പ്രവർത്തകരുടെ ക്രൂര മർദനം. മുറിയിൽ അതിക്രമിച്ചു കയറിയ നാലംഗ സംഘം അരമണിക്കൂറോളം വിദ്യാർഥിയെ മർദിച്ചു. മുറി പൂർണമായും അടിച്ചു തകർത്തു.

പരുക്കേറ്റ് അബോധാവസ്ഥയിലായ യുവാവിനെ സുഹൃത്തുക്കളാണ് പിന്നീട് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചത്. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്സിലെ എംഫിൽ വിദ്യാർഥിയും കാലടി സ്വദേശിയുമായ വിവേക് കുമാരനാണ് ഹോസ്റ്റൽ മുറിയിൽ ക്രൂരമർദനത്തിന് ഇരയായത്. അംബേദ്കർ സ്റ്റുഡന്റ്സ് മൂവ്മെന്റ് എന്ന സംഘടനയിൽ പ്രവർത്തിച്ചു എന്നാരോപിച്ചായിരുന്നു മർദനമെന്നു വിവേക് പൊലീസിനു മൊഴി നൽകി.

കഴിഞ്ഞ ദിവസം രാത്രി 11.45ന് സർവകലാശാലാ ക്യാംപസിലെ 'പല്ലന' ഹോസ്റ്റലിലായിരുന്നു സംഭവം. എസ്എഫ്ഐ യൂണിറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നാലംഗ സംഘമാണ് മർദിച്ചതെന്നു വിവേക് പൊലീസിനു നൽകിയ മൊഴിയിൽ പറയുന്നു. കമ്പിവടി അടക്കമുള്ള മാരകായുധങ്ങളുമായി മുറിക്കുള്ളിൽ കയറിയ സംഘം വാതിൽ അടച്ചു കുറ്റിയിട്ട് ക്രൂരമായി മർദിക്കുകയായിരുന്നു. തലയിൽ കമ്പിവടികൊണ്ട് അടിക്കാൻ ശ്രമിച്ചെങ്കിലും ഒഴിഞ്ഞുമാറിയതിനാൽ അടി കൊണ്ടില്ല. കഴുത്തിൽ കുത്തിപ്പിടിച്ച് മർദിച്ചു. അരമണിക്കൂറോളം അക്രമം തുടർന്ന സംഘം വിവേക് ബോധം നഷ്ടപ്പെട്ടുവീണതോടെ മടങ്ങി. ശബ്ദം കേട്ട് മുറിയിലെത്തിയ സഹപാഠികളും സുഹൃത്തുക്കളും ചേർന്നാണ് അർധരാത്രിയിൽ വിവേകിനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചത്.

എംജി സർവകലാശാലയിലെ ഒരു വിഭാഗം വിദ്യാർഥികളുടെ നേതൃത്വത്തിൽ അംബേദ്കർ സ്റ്റുഡന്റ്സ് മൂവ്മെന്റ് എന്ന പേരിൽ സംഘടന ആരംഭിച്ചു പ്രവർത്തിച്ചിരുന്നു. ഈ സംഘടന എസ്എഫ്ഐയ്ക്ക് എതിരാണെന്ന് ആരോപിച്ചാണ് ആക്രമണം നടത്തിയതെന്നാണു പരാതി.